**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 89** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ശ്രുതിതരംഗം പദ്ധതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. എഫ്. രാജ | ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| ശ്രീ. ചാണ്ടി ഉമ്മൻ | |
| ശ്രീ. റോയി. കെ. പൗലോസ് | |
| ശ്രീ. എം. എം. നസീർ | |

**(എ)** 'ശ്രുതിതരംഗം' പദ്ധതി നിലവിൽ കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2012ൽ ബഹു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പിലാക്കിയ ശ്രുതിതരംഗം പദ്ധതി സമാന സ്വഭാവമുള്ള ആരോഗ്യ ആനുകൂല്യ പദ്ധതികൾ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ ഏകോപിതമായി നടപ്പിലാക്കുകയും, അതുവഴി ഗുണഭോക്താക്കൾക്ക് കൂടുതൽ എളുപ്പത്തിലും കാര്യക്ഷമമായും സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2023-24 സാമ്പത്തിക വർഷം മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖേന നടപ്പിലാക്കി വരുന്നു.

ഗുരുതര ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ, അനുബന്ധ സേവനമായ രണ്ട് വർഷക്കാലത്തേക്ക് ആഴ്ചതോറുമുള്ള ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ (AVH) തെറാപ്പി സെഷനുകൾ, കൂടാതെ കോക്ലിയാർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, സ്പീച്ച് പ്രോസസറിന്റെ കാലാനുസൃത അപ്ഗ്രേഡേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്ര സേവനങ്ങളാണ് പദ്ധതിയിലൂടെ ലഭ്യമാക്കുന്നത്. സർക്കാർ-സ്വകാര്യ മേഖലകളിൽ നിന്നുള്ള എംപാനൽ ചെയ്ത ആശുപത്രികൾ മുഖേന ഈ സേവനങ്ങൾ പൂർണമായും പണരഹിതമായി, സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിർവഹണമാണ് നടത്തിവരുന്നത്. ആദായ നികുതിദായകർ, സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബം എന്നീ വിഭാഗത്തെ മാത്രം ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെടുത്തി അർഹരായ കൂടുതൽ ആളുകൾക്ക് പദ്ധതി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

എംപാനൽമെന്റ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സർക്കാർ/സ്വകാര്യ മേഖലകളിൽ നിന്നും കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

ബന്ധപ്പെട്ട മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിശോധനയും നിർദേശങ്ങളും അടിസ്ഥാനമാക്കിയാണ് സേവനങ്ങൾ അനുവദിച്ചുവരുന്നത്. കോക്ലിയാർ ഇംപ്ലാന്റുകളും FDI അംഗീകാരമുള്ള വിവിധ കമ്പനികളുടെ

കോക്ലിയാർ ഉപകരണങ്ങളും (spares & accessories) സുതാര്യമായ ടെൻഡർ നടപടി ക്രമങ്ങളിലൂടെയാണ് ലഭ്യമാക്കുന്നത്. കമ്പനികളുമായുള്ള കരാർ നടപടികൾ നിർവ്വഹിക്കുന്നത് കെ.എം.എസ്.സി.എൽ ആണ്.

നാളിതുവരെ **2337** അപേക്ഷകളിൽ പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി നൽകിയ സേവനങ്ങളുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നം | വിഭാഗം | അംഗീകാരം നല്കിയ അപേക്ഷകളുടെ എണ്ണം | സേവന നടപടികൾ പൂർത്തീകരിച്ച അപേക്ഷകളുടെ എണ്ണം | സേവന നടപടികൾ പ്രാരംഭ ഘട്ടത്തിലുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|
| 1 | ശസ്ത്രക്രിയ | 236 | 212 | 10 |
| 2 | ഉപകരണങ്ങളുടെ പരിപാലനം | 1740 | 1519 | 110 |
| 3 | സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷൻ | 361 | 355 | 3 |
| ആകെ | | 2337 | 2086 | 123 |

ഗുണഭോക്താക്കളുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന DISHA ഹെൽപ്‌ലൈൻ, SHAയുടെ സംസ്ഥാന-ജില്ലാ തലങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനം, ഓൺലൈൻ പരാതി പരിഹാര പോർട്ടൽ, ജില്ലാ കളക്ടർമാർ അധ്യക്ഷരായ ജില്ലാതല പരാതി പരിഹാര സമിതികൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ പരാതി പരിഹാര സംവിധാനവും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

**പദ്ധതിയുടെ ഗുണനിലവാരം തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിഗത അടിസ്ഥാനത്തിലും സംഘടിപ്പിക്കുന്ന പ്രീ-ഇംപ്ലാന്റ് കൗൺസിലിംഗ് സെഷനുകൾ, പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായുള്ള ഗുണഫല വിശകലന പ്രവർത്തനങ്ങൾ, കോക്ലിയാർ ഉപകരണങ്ങളുടെ പരിപാലനത്തിനാവശ്യമായ ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി നടത്തുന്ന ഏകോപന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.**

**(ബി)** മുൻപ് ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെ സ്പീച്ച് പ്രൊസസ്സറുകളുടെ അറ്റകുറ്റപ്പണികൾക്കും അപ്ഗ്രഡേഷനും വേണ്ടി മാതാപിതാക്കൾ വലിയ തുക കണ്ടെത്തേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സ്പീച്ച് പ്രോസസർ അപ്ഗ്രഡേഷൻ ശ്രുതിതരംഗം പദ്ധതിയുടെ തുടർസേവന വിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഗുണഭോക്താക്കളിൽ നിന്നും ബന്ധപ്പെട്ട ആശുപത്രികൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ സാങ്കേതിക സമിതിയുടെ പരിഗണനയ്ക്കു വിധേയമാക്കി, സമിതിയുടെ

ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകുന്നത്. തുടർന്ന് സേവനങ്ങൾ ബന്ധപ്പെട്ട ആശുപത്രികൾ നൽകുകയും ചെയ്തു വരുന്നു .

ഇതിനാവശ്യമായ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട കമ്പനികളുമായുള്ള കരാർ നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) യഥാസമയം നിർവഹിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ ഈ വിഭാഗത്തിൽ അംഗീകാരം നൽകി സേവനം ലഭ്യമാക്കിയ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| വിഭാഗം | അംഗീകാരം നല്കിയ അപേക്ഷകളുടെ എണ്ണം | സേവന നടപടികൾ പൂർത്തീകരിച്ച അപേക്ഷകളുടെ എണ്ണം | സേവന നടപടികൾ പ്രാരംഭ ഘട്ടത്തിലുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷൻ | 361 | 355 | 3 |

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എംപാനൽ ചെയ്ത ആശുപത്രികൾക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നൽകാനുള്ള കുടിശ്ശിക തുക എത്രയായിരുന്നു എന്നത് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കുടിശ്ശിക ഒന്നും തന്നെയില്ല

**(ഡി)** 'ശ്രുതിതരംഗം' പദ്ധതി പുനരുജ്ജീവിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പദ്ധതിയുടെ ഗുണനിലവാരം തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും SHA നടപ്പിലാക്കി വരുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിഗത അടിസ്ഥാനത്തിലും സംഘടിപ്പിക്കുന്ന പ്രീ-ഇംപ്ലാന്റ് കൗൺസിലിംഗ് സെഷനുകൾ, പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായുള്ള ഗുണഫല വിശകലന പ്രവർത്തനങ്ങൾ, കോക്ലിയാർ ഉപകരണങ്ങളുടെ പരിപാലനത്തിനാവശ്യമായ ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി നടത്തുന്ന ഏകോപന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**